(സി) ഈ പരിപാടികളുടെ വിജയത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ അമിതവേഗതാ നിയന്ത്രണം

85 [1291] ശ്രീ. പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, കെ. എൻ. എ. ഖാദർ :

,, ചെർക്കളം അബ്ദുള്ള :

,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനത്തിലെ അമിതവേഗത നിയന്ത്രിക്കുന്നതിന് "സ്പീഡ് ഗവേർണർ" സംഘടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. വാഹനങ്ങളിൽ സ്പീഡ് ഗവേർണർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് പറയാമോ ;

(സി) ഇതിന് നിശ്ചയിച്ചിരിക്കുന്ന സമയ പരിധിക്കുള്ളിൽ തന്നെ ഇതിന്റെ നടപടി പൂർത്തീകരിക്കുമോ ;

(ഡി) ഇതിലേക്ക് എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത് ?

ഉത്തരം

(എ) ഹൈക്കോടതി വിധിയെ തുടർന്ന് സംസ്ഥാനത്തെ എല്ലാ സ്റ്റേജ് കാര്യേജുകൾക്കും ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും എ.ഐ.എസ്. 018 നിലവാരമുള്ള സ്പീഡ് ഗവേർണറുകൾ ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് 2003-ൽ തന്നെ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വാഹനങ്ങളുടെ പെർമിറ്റ് വ്യവസ്ഥയിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെയും സർക്കാർ നിർദ്ദേശ പ്രകാരവും കെ. എസ്. ആർ. ടി. സി. 800 സ്പീഡ് ഗവേർണർ വാങ്ങി പുതുതായി നിരത്തിലിറക്കിയ ബസ്സുകളിൽ ഘടിപ്പിച്ചുകഴിഞ്ഞു.

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ട നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ഡി) ഇതിനുവേണ്ടി കെ.എസ്.ആർ.ടി.സി.ക്ക് 6,38,40,000 രൂപ വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ സ്പീഡ് ഗവേർണറുകളുടെ വിലയിൽ ഈയിടെയായി കുറവ് വന്നതിനാൽ ആകെ തുകയിൽ വ്യത്യാസം വരുന്നതാണ്.

കഴിഞ്ഞ 6 മാസമായി പുറത്തിറക്കിയ ബസ്സുകൾ

86 [1292] ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. കഴിഞ്ഞ 6 മാസമായി എത്ര പുതിയ ബസ്സുകൾ പുറത്തിറക്കിയെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. സഹകാര്യ വ്യക്തികളുമായോ സ്ഥാപനങ്ങളുമായോ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ ശേഖരിച്ച് സർവ്വീസ് നടത്തുവാൻ പദ്ധതിയുണ്ടോ ; ഈ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ?

ഉത്തരം

(എ) 270 ബസ്സുകൾ പുറത്തിറക്കുകയുണ്ടായി.

(ബി) തൽക്കാലം പദ്ധതിയില്ല.

പുതിയ ഡിപ്പോകളും സബ് ഡിപ്പോകളും

87 [1293] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഡിപ്പോ/സബ് ഡിപ്പോകൾ നിർത്തലാക്കി എന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതിയതായി എത്ര ഡിപ്പോ, സബ് ഡിപ്പോകൾ തുറന്നുവെന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കുമോ ;

(സി) എത്ര കെ.എസ്.ആർ.ടി.സി. റൂട്ടുകൾ നാളിതുവരെ ക്യാൻസൽ ചെയ്തുവെന്നും പുതിയതായി എത്ര റൂട്ടുകൾ തുടങ്ങിയെന്നും വ്യക്തമാക്കുമോ ;

(ഡി) അറ്റകുറ്റപ്പണികൾക്കായി സംസ്ഥാനത്ത് ഇപ്പോൾ എത്ര ബസ്സുകൾ വർക്കുഷോപ്പുകളിൽ ഉണ്ട് എന്നും അവ എന്നത്തേക്ക് പുറത്തിറക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly